നവ കേരളം കർമപദ്ധതി

# നവകേരളം വാർത്ത

ന്യൂസ്‌ലെറ്റർ

2024 ജൂലൈ വാല്യം 2

ഓൺലൈൻ വായനയ്ക്ക്

37

## ശുചിത്വ കേരളം : സുസ്ഥിര കേരളം
## മാലിന്യമുക്തം നവകേരളത്തിന് ജനകീയ ക്യാമ്പയിൻ

2024 ഒക്ടോബർ 2 ഗാന്ധിജയന്തി ദിനത്തിലാരംഭിച്ച് 2025 മാർച്ച് 30 അന്താരാഷ്ട്ര സീറോ വേസ്റ്റ് ദിനം വരെ നീണ്ടുനിൽക്കുന്ന വിപുലമായ 'മാലിന്യമുക്തം നവകേരളം' ജനകീയ ക്യാമ്പയിൻ സംഘടിപ്പിക്കാനുള്ള സർക്കാർ തീരുമാനത്തിന് സർവ്വകക്ഷിയോഗം പൂർണപിന്തുണ പ്രഖ്യാപിച്ചു. മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിൽ സംസ്ഥാന, ജില്ലാ, ബ്ലോക്ക്, ഗ്രാമപഞ്ചായത്ത്, നഗരസഭാ തലങ്ങളിൽ സൃഷ്ടിച്ച മാതൃകകൾ ഉദ്ഘാടനം ചെയ്ത് കൊണ്ടാണ് ക്യാമ്പയിൻ ആരംഭിക്കുകയെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. 2025 മാർച്ച് 30ന് സമ്പൂർണ്ണ ശുചിത്വ കേരളമായി പ്രഖ്യാപിക്കുകയാണ് ലക്ഷ്യം. ഇതിന് മുന്നോടിയായി അയൽക്കൂട്ടങ്ങൾ, ഗ്രാമങ്ങൾ, നഗരങ്ങൾ, സർക്കാർ, പൊതുമേഖലാ ഓഫീസുകൾ, വിദ്യാലയങ്ങൾ, കലാലയങ്ങൾ, വിനോദ സഞ്ചാരകേന്ദ്രങ്ങൾ എന്നിവ ഹരിതമായി മാറണം. മാലിന്യത്തിന്റെ അളവ് കുറയ്ക്കൽ, കൃത്യമായി തരംതിരിക്കൽ, ജൈവ മാലിന്യങ്ങളും ദ്രവമാലിന്യങ്ങളും ഉറവിടത്തിൽ സംസ്കരിക്കൽ, അജൈവ പാഴ്‌വസ്തുക്കൾ ഹരിത കർമസേനകൾ വഴി കൈമാറൽ മുതലായ പ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തോടെ നടത്തും. കക്കൂസ് മാലിന്യ സംസ്ക്കരണത്തിന് ആവശ്യമായ പ്ലാന്റുകൾ സ്ഥാപിക്കണം.



ജലസ്രോതസും നീർച്ചാലുകളും ശുദ്ധീകരിക്കണം. ശാസ്ത്രീയമായ രീതിയിൽ ലാന്റ് ഫില്ലുകൾ ആരംഭിക്കാനാകണം. കൂട്ടായ ഇടപെടലിലൂടെ പൊതുബോധം ഉണ്ടാക്കാനാകണം. പാഴ്‌വസ്തു ശേഖരണം, ഹരിത കർമസേനയുടെ പ്രവർത്തനങ്ങൾ, ശേഖരിച്ചവ സംഭരിക്കൽ, പാഴ്‌വസ്തുക്കൾ നീക്കം ചെയ്യൽ, സാനിറ്ററി മാലിന്യ സംസ്കരണം, പുനരുപയോഗം സാധ്യമല്ലാത്ത മാലിന്യങ്ങളുടെ സംസ്കരണം, ലെഗസി മാലിന്യം നീക്കം ചെയ്യൽ, ഗാർബേജ് വൾനറബിൾ പോയിന്റുകൾ നീക്കം ചെയ്യൽ, സംരംഭകത്വ വികസനം, ജൈവമാലിന്യ സംസ്കരണം, എൻഫോഴ്സ്‌മെന്റ്, വിവിധ വകുപ്പുകളുമായുള്ള ഏകോപനം എന്നിവയിൽ പോരായ്മകൾ ഉണ്ടെങ്കിൽ പരിഹരിക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ തുടങ്ങിയവ നടപ്പിലാക്കും. ജനകീയ വിജിലൻസ് സ്ക്വാഡുകൾ, പോലീസ് വകുപ്പിന്റെ സഹായത്തോടെയുള്ള എൻഫോഴ്സ്‌മെന്റ് നടപടികൾ, ശുചിത്വം-ആരോഗ്യം എന്നിവയുമായി ബന്ധപ്പെട്ട വിവിധ ഏജൻസികളുടെ പരിശോധനകൾ എന്നിവ കാര്യക്ഷമമാക്കും. ക്യാമ്പയിനിന്റെ ഭാഗമായി ആവശ്യമായ ഇടങ്ങളിൽ നിർമ്മിത ബുദ്ധി അധിഷ്ഠിതമായ ക്യാമറകൾ സ്ഥാപിക്കും. നിരോധിത പ്ലാസ്റ്റിക് ഉൽപന്നങ്ങൾ സംസ്ഥാനത്തേക്ക് കടത്തുന്നില്ലെന്ന് ഉറപ്പാക്കാൻ അതിർത്തികളിലും ചെക്ക്പോസ്റ്റുകളിലും പരിശോധന കർശനമാക്കും. കടകളിലും വ്യാപാര സ്ഥാപനങ്ങളിലും നിരോധിത പ്ലാസ്റ്റിക് ഉൽപന്നങ്ങൾ ഇല്ലെന്ന് ഉറപ്പാക്കും. സംസ്ഥാനത്ത് നിരോധിത പ്ലാസ്റ്റിക് ഉൽപന്നങ്ങൾ നിർമ്മിക്കുന്ന സ്ഥാപനങ്ങൾ, നിരോധിത പ്ലാസ്റ്റിക് ഉൽപന്നങ്ങളുടെ മൊത്തക്കച്ചവടക്കാർ, സ്റ്റോക്കിസ്റ്റുകൾ എന്നിവർക്കെതിരെ കർശന നടപടി കൈക്കൊള്ളും. പ്ലാസ്റ്റിക് പദാർത്ഥങ്ങളുടെ ഉപഭോഗം പരമാവധി കുറക്കുന്നതിന് ആവശ്യമായ ബോധവൽക്കരണം സംഘടിപ്പിക്കും. മത - സാമുദായിക - രാഷ്ട്രീയ - യുവജന - വിദ്യാർഥി - മഹിള - സാംസ്കാരിക സംഘടനകളുടേതുൾപ്പെടെ എല്ലാ പൊതുപരിപാടികളും ഹരിത നിയമാവലി പൂർണമായും പാലിച്ച് നടത്തണം. ഇതിന് എല്ലാവരുടെയും സഹകരണം മുഖ്യമന്ത്രി അഭ്യർത്ഥിച്ചു.

## കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ സമഗ്ര വികസന പദ്ധതികൾ
### മന്ത്രി കെ.എൻ. ബാലഗോപാൽ വികസന സെമിനാർ ഉദ്ഘാടനം ചെയ്തു

കൊല്ലം ജില്ലയിൽ കൊട്ടാരക്കര മണ്ഡലത്തിന്റെ സമഗ്ര വികസന പദ്ധതി രൂപീകരണത്തിനായി സംഘടിപ്പിച്ച സെമിനാറിന്റെ ഉദ്ഘാടനം മന്ത്രി കെ.എൻ. ബാലഗോപാൽ നിർവഹിച്ചു. മണ്ണ്, വായു, ജല സംരക്ഷണ പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകി വിവിധ പദ്ധതികൾ ഏറ്റെടുക്കുക എന്ന കാഴ്ച്ചപ്പാട് അവലോകന യോഗം മുന്നോട്ടുവച്ചു. തോടുകളുടെയും കുളങ്ങളുടെയും നവീകരണം, മണ്ണ്-ജല സംരക്ഷണം, പരിസ്ഥിതി പുനസ്ഥാപനം, കൃഷിയും അനുബന്ധ പ്രവർത്തനങ്ങളും തുടങ്ങിയ മേഖലകളിലാണ് ആദ്യഘട്ടത്തിൽ ഇടപെടുക. ഒരു പഞ്ചായത്തിൽ ഒരു കാർഷിക കുളമെങ്കിലും നിർമ്മിക്കുക എന്നത് സമഗ്ര പദ്ധതിയിൽ ലക്ഷ്യമിടുന്നു. ജലസംഭരണത്തിനായി എട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലായി 27 പദ്ധതികൾ ഇപ്പോൾതന്നെ പട്ടികപ്പെടുത്തിയിട്ടുണ്ട്. പ്രവർത്തന രഹിതമായ ക്വാറികളുടെ ജലസംഭരണ ശേഷി ജലസേചനത്തിനായി പ്രയോജനപ്പെടുത്തും. കരീപ്ര പഞ്ചായത്തിൽ ആരംഭിച്ച നെറ്റ് സീറോ




കാർബൺ കേരളം ജനങ്ങളിലൂടെ പദ്ധതി മണ്ഡലത്തിലെ മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കും വ്യാപിപ്പിക്കും. ഒരു വാർഡിൽ ഒരു പച്ചത്തുരുത്തെങ്കിലും ഉറപ്പാക്കും. മണ്ഡലത്തിലെ എല്ലാ തദ്ദേശ സ്ഥാപനങ്ങളെയും തരിശു രഹിതമാക്കാനുള്ള കർമപദ്ധതി ഏറ്റെടുക്കും. പൊതുസ്ഥാപനങ്ങളെ ഹരിത സ്ഥാപനങ്ങളാക്കും.

# എഡിറ്റോറിയൽ

## മാലിന്യമുക്ത നവകേരളത്തിനായ് ജനകീയ ക്യാമ്പയിന് ഒരുമിക്കാം



കേരളത്തെ മാലിന്യമുക്തമാക്കാൻ ലക്ഷ്യമിട്ട് വിപുലമായൊരു ജനകീയ ക്യാമ്പയിന് സംസ്ഥാനത്തു തുടക്കമാവുകയാണ്. സമഗ്രമായ ആസൂത്രണവും മുന്നൊരുക്കവും ഇതിനു പിന്നിലുണ്ട്. സമസ്ത ജനവിഭാഗങ്ങളുടെയും പങ്കാളിത്തം ഉറപ്പാക്കിയുള്ള ഈ ജനകീയ ക്യാമ്പയിൻ 2024 ഒക്ടോബർ 2 ഗാന്ധി ജയന്തി ദിനത്തിലാണ് ആരംഭിക്കുന്നത്. 2025 മാർച്ച് 30 അന്താരാഷ്ട്ര സീറോ വേസ്റ്റ് ദിനത്തിൽ കേരളത്തെ സമ്പൂർണ്ണ ശുചിത്വ സംസ്ഥാനമായി പ്രഖ്യാപിക്കാനാണ് ലക്ഷ്യമിടുന്നത്. ഹരിതകേരളം മിഷൻ ഉൾപ്പെടെ വിവിധ സർക്കാർ സംവിധാനങ്ങൾ മാലിന്യ സംസ്കരണ മേഖലയിൽ നടത്തിയ പ്രവർത്തനങ്ങൾ ജനകീയ ക്യാമ്പയിനിലൂടെ കൂടുതൽ ഫലപ്രദവും ഏകോപിതവുമായി കർമ്മപഥത്തിലെത്തിക്കുകയാണ്. അയൽക്കൂട്ടങ്ങൾ, ഗ്രാമങ്ങൾ, നഗരങ്ങൾ, ഓഫീസുകൾ, സ്ഥാപനങ്ങൾ, വിദ്യാലയങ്ങൾ, കലാലയങ്ങൾ, വിനോദസഞ്ചാരകേന്ദ്രങ്ങൾ തുടങ്ങിയവയെല്ലാം ഹരിതമായി മാറ്റുന്ന പ്രവർത്തനങ്ങൾ ഇതിന്റെ ഭാഗമാണ്. ജൈവ അജൈവ മാലിന്യങ്ങളുടെ തരംതിരിക്കൽ, ശേഖരണം, ശാസ്ത്രീയ സംസ്കരണം തുടങ്ങിയവ ഇതിൽ സുപ്രധാനമാണ്. ഇതെല്ലാം തന്നെ മനുഷ്യജീവിത രീതികളുമായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നതിനാൽ ശീലമാറ്റങ്ങൾക്കുകൂടി നാം തയ്യാറാവേണ്ടതുണ്ട്.

നിലവിലുള്ള ഹരിതനിയമങ്ങൾ കർശനമായി നടപ്പാക്കുന്നതും ഹരിതചട്ട പാലനത്തിന്റെ പ്രോത്സാഹനവും ഈ ക്യാമ്പയിനിൽ പ്രധാന ഘടകങ്ങളാകും. ജനകീയ വിജിലൻസ് സ്ക്വാഡുകൾ, പോലീസ് വകുപ്പിന്റെ സഹായത്തോടെയുള്ള എൻഫോഴ്സ്മെന്റ് നടപടികൾ, ശുചിത്വ-ആരോഗ്യ എന്നിവയുമായി ബന്ധപ്പെട്ട വിവിധ ഏജൻസികളുടെ പരിശോധനകൾ എന്നിവ കാര്യക്ഷമമാക്കും. എല്ലാ പൊതുപരിപാടികളും ഹരിതചട്ടം പാലിച്ച് നടപ്പാക്കുന്ന കാര്യം ഉറപ്പാക്കും. മാലിന്യമുക്തമായ നവകേരളം ലക്ഷ്യമിട്ടുള്ള ഈ ക്യാമ്പയിന് രാഷ്ട്രീയ - മത - സാമുദായിക - യുവജന - വിദ്യാർത്ഥി - മഹിള - സാംസ്ക്കാരിക സംഘടനകളുടേതുൾപ്പെടെ സർവ്വകക്ഷി പിന്തുണയുണ്ട്. ശുചിത്വകേരളം സുസ്ഥിര കേരളം എന്ന ലക്ഷ്യം യാഥാർത്ഥ്യമാക്കുന്നതിനുള്ള ഈ ക്യാമ്പയിനിൽ സർക്കാരുകളുടെ ഉത്തരവാദിത്തങ്ങൾ നടപ്പാക്കപ്പെടുന്നു എന്ന് ഉറപ്പാക്കുന്നതോടൊപ്പം തന്നെ ജനങ്ങളുടെ ഉത്തരവാദിത്തവും നിർവഹിക്കപ്പെടേണ്ടതുണ്ട്. പ്രകൃതി സൗന്ദര്യത്താൽ സമ്പന്നമായ കേരളത്തിന്റെ വായുവും വെള്ളവും മണ്ണും മലിനമാകാതെ സൂക്ഷിക്കേണ്ടത് ഈ തലമുറയുടേയും വരും തലമുറകളുടേയും നിലനിൽപ്പിന് കൂടി പ്രധാനപ്പെട്ടതാണ്. ഈ പ്രവർത്തനങ്ങളുടെ പ്രാധാന്യം ഉൾക്കൊണ്ട് എല്ലാവരും ഒറ്റമനസ്സോടെ ജനകീയ ക്യാമ്പയിന്റെ ഭാഗമാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ഡോ. ടി.എൻ. സീമ
സംസ്ഥാന കോർഡിനേറ്റർ, നവകേരളം കർമപദ്ധതി 2
വൈസ് ചെയർപേഴ്സൺ, ഹരിതകേരളം മിഷൻ

# 31 വീടുകളുടെ താക്കോൽ മന്ത്രി എം.ബി. രാജേഷ് കൈമാറി

ഒന്നേകാൽ ലക്ഷത്തോളം ലൈഫ് വീടുകളുടെ പണികൂടി പൂർത്തിയാകുമ്പോൾ അഞ്ചേകാൽലക്ഷം കുടുംബങ്ങളുടെ വീടെന്ന സ്വപ്നം പൂവണിയുമെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം.ബി. രാജേഷ് പറഞ്ഞു. എറണാകുളം ജില്ലയിലെ തിരുമാറാടി പഞ്ചായത്തിൽ 31 കുടുംബങ്ങൾക്കായി നിർമിച്ച വീടുകളുടെ താക്കോൽദാനവും ഹരിത കർമസേന യൂസർ ഫീ ശേഖരണം നൂറുശതമാനം പൂർത്തിയാക്കിയതിന്റെ പ്രഖ്യാപനവും നിർവഹിക്കുകയായിരുന്നു മന്ത്രി. കടുത്ത സാമ്പത്തികപ്രതിസന്ധികൾക്കിടയിലും സംസ്ഥാനം 17,500 കോടി രൂപയാണ് ലൈഫ് പദ്ധതിക്കായി ചെലവഴിച്ചത്. കേന്ദ്രസർക്കാർ പിഎംഎവൈ പദ്ധതിയിൽ 72,000 രൂപവീതം 29,000 പേർക്കുമാത്രമാണ് നൽകിയതെന്നും മന്ത്രി പറഞ്ഞു. അനൂപ് ജേക്കബ് എംഎൽഎ അധ്യക്ഷനായി. പഞ്ചായത്ത് പ്രസിഡന്റ് സന്ധ്യമോൾ പ്രകാശ്, എം.ജെ. ജേക്കബ്, പി.ബി. രതീഷ്, ആശ സനിൽ, ഉല്ലാസ്




തോമസ്, എം.എം. ജോർജ്, ഒ.എൻ. വിജയൻ, അനിത ബേബി, സാജു ജോൺ, രമ മുരളീധരകൈമൾ, ഏണസ്റ്റ് സി. തോമസ്, എസ്. രഞ്ജിനി, പി.പി. റെജിമോൻ എന്നിവർ സംസാരിച്ചു. മുപ്പത്തൊന്ന് വീടുകൾക്കായി 1.21 കോടി രൂപയാണ് ചെലവഴിച്ചത്. ഇവരിൽ മൂന്നുപേർക്ക് ഭൂമി വാങ്ങാനുള്ള സഹായവും നൽകി.

# നാലാം നൂറുദിന കർമപരിപാടി

## ലൈഫിൽ 10000 വീട് കൈമാറും

### സ്കൂൾ ഭൗതിക സൗകര്യത്തിന് 46 കോടി

ഈ സർക്കാർ അധികാരമേറ്റെടുത്തതിനു ശേഷമുള്ള നാലാമത്തെ നൂറുദിന കർമപരിപാടികളിൽ ഉൾപ്പെടുത്തി ലൈഫ് മിഷനിലൂടെ 10000 വ്യക്തിഗത ഭവനങ്ങൾ കൂടി കൈമാറും. സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളുടെ ഭൗതികസൗകര്യ വികസനത്തിനായി 46 കോടിയുടെ പദ്ധതികളും നൂറുദിന പരിപാടിയിൽ നടപ്പാക്കും. 421 കോടി ചെലവിൽ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ 210 നൈപുണ്യ വികസന കേന്ദ്രങ്ങൾ സ്ഥാപിക്കും. ഒരു കോടി ചെലവിൽ സ്കൂളുകളിൽ മാലിന്യ സംസ്കരണത്തിന് പദ്ധതിയുണ്ടാക്കും. ടിങ്കറിങ് ലാബ്, ക്രിയേറ്റീവ് കോർണർ എന്നീ പദ്ധതികളും നടപ്പാക്കും. ഹൈസ്കൂളുകൾക്ക് നാലുമാസം കൊണ്ട് 20,000 റോബോട്ടിക് കിറ്റുകൾ നൽകും. ക്യാൻസർ ചികിത്സയ്ക്കുള്ള മരുന്നുകൾ, അവയവ മാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾക്കു ശേഷം ഉപയോഗിക്കേണ്ട മരുന്നുകൾ മുതലായ വിലകൂടിയ മരുന്നുകൾ ലാഭം ഒട്ടുമില്ലാതെ സീറോ പ്രൊഫിറ്റായി കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി വഴി രോഗികൾക്ക് നൽകുന്ന പദ്ധതിക്കും നൂറുദിന കർമപരിപാടിയിൽ തുടക്കം കുറിക്കും. ഒക്ടോബർ 22 വരെയാണ് നൂറുദിന കർമപരിപാടി.

# ചവറ ഐ.ആർ.ഇ.എൽ. കമ്പനിയിൽ 10 ഏക്കർ പച്ചത്തുരുത്ത്




കൊല്ലം ചവറയിലെ കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഐആർഇഎൽ (ഇന്ത്യ) ലിമിറ്റഡിന്റെ സാമൂഹ്യ ഉത്തരവാദിത്ത പദ്ധതിയിൽ ഉൾപ്പെടുത്തി ചവറ പഞ്ചായത്തും ഹരിതകേരളം മിഷനുമായി ചേർന്ന് പച്ചത്തുരുത്ത് പദ്ധതിക്കു തുടക്കമായി. പ്രകൃതി സംരക്ഷണവും ആവാസവ്യവസ്ഥകളുടെ സുസ്ഥിരതയും ലക്ഷ്യമാക്കിയുള്ള പദ്ധതി ചവറ കരിത്തുറയിൽ ഡോ. സുജിത്ത് വിജയൻ പിള്ള എം.എൽ.എ ഉദ്ഘാടനം ചെയ്തു. കരിത്തുറ, കോവിൽത്തോട്ടം എന്നീ പ്രദേശങ്ങളിലെ 10 ഏക്കർ സ്ഥലത്ത് തെങ്ങും മറ്റു ഫലവൃക്ഷത്തൈകളും തദ്ദേശീയരുടെ സഹായത്തോടെ നട്ടുവളർത്തുന്നതാണ് പദ്ധതി. ഐ.ആർ.ഇ ഖനനാനന്തരം മണ്ണിട്ടുനികത്തി പ്രദേശവാസികളുടെ പുനരധിവാസത്തിന് നൽകുന്ന ഭൂമിയിലും പദ്ധതിയുടെ ഭാഗമായി ഫലവൃക്ഷങ്ങൾ നട്ടുവളർത്തിയായിരിക്കും നൽകുക. ഹരിതകേരളം മിഷൻ അസി. കോർഡിനേറ്റർ എസ്.യു. സഞ്ജീവ് പദ്ധതി വിശദീകരണം നടത്തി. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സന്തോഷ് തുപ്പാശ്ശേരിൽ, ബ്ലോക്ക് പഞ്ചായത്ത് മെമ്പർമാർ, ഗ്രാമപഞ്ചായത്ത് ജനപ്രതിനിധികൾ, നവകേരളം കർമപദ്ധതി ജില്ലാ കോഡിനേറ്റർ എസ്. ഐസക്, നവകേരളം കർമപദ്ധതി യംഗ് പ്രൊഫഷണൽ സൽമ നസ്രിൻ എന്നിവർ ആശംസകൾ അറിയിച്ചു.

### 'നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ ക്യാമ്പയിൻ' ഗോശ്രീ ദ്വീപുകളിലേയ്ക്ക്

# നെറ്റ് സീറോ ഗോശ്രീ ബ്ലോക്ക്തല ശില്പശാല സംഘടിപ്പിച്ചു

ഹരിതകേരളം മിഷന്റെയും ജിഡ (ഗോശ്രീ ഐലൻഡ്സ് ഡെവലപ്മെന്റ് അതോറിറ്റി) യുടെയും സംയുക്ത ആഭിമുഖ്യത്തിൽ കൊച്ചി ഗോശ്രീ ദ്വീപുകളിലെ ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന കാർബൺ ന്യൂട്രൽ ഗോശ്രീ പദ്ധതിയുടെ ഭാഗമായി കോർ ഗ്രൂപ്പ് അംഗങ്ങൾക്കായുള്ള ഏകദിന ശില്പശാല സംഘടിപ്പിച്ചു. കുഴുപ്പിള്ളി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ.എസ്. നിബിൻ അധ്യക്ഷത വഹിച്ച യോഗം ഇടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സരിത സനിൽ ഉദ്ഘാടനം ചെയ്തു. വൈപ്പിൻ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് തുളസി സോമൻ മുഖ്യപ്രഭാഷണം നടത്തിയ യോഗത്തിൽ ജിഡ സെക്രട്ടറി രഘുരാമൻ, നവകേരളം ജില്ലാകോർഡിനേറ്റർ രഞ്ജിനി എസ്., ഹരിതകേരളം മിഷൻ റിസോഴ്സ് പേഴ്സൺ ദേവരാജൻ എം.കെ. എന്നിവർ സംസാരിച്ചു.

നെറ്റ് സീറോ കാർബൺ സമീപനത്തെ കുറിച്ച് ഹരിതകേരളം മിഷൻ അസിസ്റ്റന്റ് കോർഡിനേറ്റർ എസ്.യു. സഞ്ജീവ്, കാർബൺ ന്യൂട്രൽ ഗോശ്രീ ആസൂത്രണവും നടപ്പിലാക്കലും ഹരിതകേരളം മിഷൻ സ്റ്റേറ്റ് പ്രോഗ്രാം ഓഫീസർ വി. രാജേന്ദ്രൻ നായർ, യംഗ് പ്രൊഫഷണൽ സൂര്യ എസ്. ബി. എന്നിവർ വിഷയം അവതരിപ്പിച്ചു.




കുഴുപ്പിള്ളി, പള്ളിപ്പുറം, എടവനക്കാട്, നായരമ്പലം, ഇളങ്കുന്നപ്പുഴ, മുളവുകാട്, കടമക്കുടി, ഞാറക്കൽ തുടങ്ങി 8 ഗ്രാമപഞ്ചായത്തുകൾ ഉൾപ്പെടുന്നതാണ് ഗോശ്രീ ദ്വീപുകൾ.

ജനങ്ങളുടെ ജീവിതവൃത്തിയെയും വരുമാനത്തേയും ബാധിക്കാതെയും പരോക്ഷമായെങ്കിലും അതിനെ മെച്ചപ്പെടുത്തുന്നതിന് ഉപകരിക്കുന്ന രീതിയിലും പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് ബഹുജന പങ്കാളിത്തത്തോടെ നെറ്റ് സീറോ കാർബൺ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുവാനാണ് ലക്ഷ്യമിടുന്നത്. ഒരു നിശ്ചിത പ്രദേശത്ത് ഇത്രയും സ്ഥലത്ത് പദ്ധതി നടപ്പിലാക്കുന്നതെന്ന പ്രത്യേകതയും ഗോശ്രീ പദ്ധതിയ്ക്കുണ്ട്.

ഹരിതഗൃഹ വാതകങ്ങളുടെ പുറംതള്ളൽ അന്തരീക്ഷത്തിന് താങ്ങാൻ കഴിയുന്ന രീതിയിൽ പരിമിതപ്പെടുത്തുകയാണ് പദ്ധതിയുടെ പ്രാഥമിക ലക്ഷ്യം. പദ്ധതിയുടെ ഭാഗമായി മാലിന്യ സംസ്കരണം, കൃഷി, ഊർജ്ജസംരക്ഷണം, ജലസംരക്ഷണം, വനവൽക്കരണം, ഗതാഗതം തുടങ്ങിയ വിവിധ മേഖലകളിൽ ഇടപെട്ടുകൊണ്ട് പ്രവർത്തനങ്ങൾ സംഘടിപ്പിക്കും.



# തിരുവാണിയൂർ ഗ്രാമപഞ്ചായത്തിൽ ഹരിത സമൃദ്ധി വാർഡ്

ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ എറണാകുളം തിരുവാണിയൂർ ഗ്രാമ പഞ്ചായത്തിലെ അഞ്ചാം വാർഡിലെ കൃഷിഭൂമിയിൽ ചേർന്ന യോഗത്തിൽ പഞ്ചായത്ത് മെമ്പർ ജിബു ജേക്കബ് കർഷകർക്ക് പച്ചക്കറി തൈ നൽകി ഹരിത സമൃദ്ധി വാർഡ് പ്രഖ്യാപനം നടത്തി. ഹരിതകേരളം മിഷൻ റിസോഴ്സ് പേഴ്സൺ ടി.എസ്. ദീപു പദ്ധതി വിശദീകരണം നടത്തി. വിഷരഹിത പച്ചക്കറി സ്വന്തം കൃഷിയിടത്തിൽ ഉത്പാദിപ്പിക്കുക വഴി ആരോഗ്യം സംരക്ഷിക്കുക, വാർഡിലെ മുഴുവൻ വീടുകളിലും പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിലൂടെ ആവശ്യമായ പച്ചക്കറികളിൽ നല്ലൊരു ഭാഗം സ്വന്തം കൃഷിയിടത്തിൽ ഉത്പാദിപ്പിക്കുന്ന സംസ്കാരം വളർത്തുക എന്നിവയാണ് പദ്ധതിയുടെ ലക്ഷ്യം. വാർഡ് മെമ്പർ ജിബു ജേക്കബ്, തൊഴിലുറപ്പ് ഉദ്യോഗസ്ഥർ അനിത സാജു, വിഷ്ണുപ്രിയ, എ.എസ്. അഖിൽ, കൃഷി ഓഫീസർ സ്മിനി, കർഷകർ, തൊഴിലുറപ്പ് തൊഴിലാളികൾ, കുടുംബശ്രീ അംഗങ്ങൾ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

## ചെന്നീർക്കര ഗ്രാമപഞ്ചായത്തിൽ ഹരിതസമൃദ്ധി വാർഡും ബന്ദിപ്പൂവ് കൃഷിയും

ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ നടപ്പാലിക്കുന്ന നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ കാമ്പയിന്റെ ഭാഗമായി പത്തനംതിട്ട ജില്ലയിൽ ചെന്നീർക്കര ഗ്രാമപഞ്ചായത്തിലെ വാർഡ് 12 നെ തരിശുരഹിത വാർഡായി പ്രഖ്യാപിക്കുന്നതിന്റെ ഭാഗമായി രണ്ട് ഏക്കർ സ്ഥലത്ത് ബന്ദി പൂവ് കൃഷി ആരംഭിച്ചു. നടീൽ ഉദ്ഘാടനം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജോർജ്ജ് തോമസ് നിർവഹിച്ചു. വാർഡ് മെമ്പർ മധു എം.ആർ. യോഗത്തിൽ അധ്യക്ഷത വഹിച്ചു. കഴിഞ്ഞ 20 വർഷമായി തരിശായി കിടന്ന സ്ഥലമാണ് തൊഴിലുറപ്പ് പദ്ധതി പ്രവർത്തകരുടെ നേതൃത്വത്തിൽ വൃത്തിയാക്കി കൃഷിക്ക് അനുയോജ്യമാക്കിയത്. കൂടാതെ പന്ത്രണ്ടാം വാർഡിൽ മുഴുവൻ വീടുകളിലും പച്ചക്കറി വിത്തുകൾ എത്തിച്ചു കൊണ്ട് പന്ത്രണ്ടാം വാർഡിനെ ഹരിത സമൃദ്ധി വാർഡായി നവകേരളം കർമ പദ്ധതി ജില്ലാ കോർഡിനേറ്റർ ജി.അനിൽ കുമാർ പ്രഖ്യാപനം നടത്തി.



## വിജയപുരം ഗ്രാമപഞ്ചായത്തിൽ ഹരിതസമൃദ്ധി വാർഡ് പ്രവർത്തനം ആരംഭിച്ചു



ഹരിതകേരളം മിഷൻ, കൃഷിവകുപ്പ് എന്നിവരുടെ സഹകരണത്തോടെ കോട്ടയം ജില്ലയിൽ വിജയപുരം ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ ഹരിത സമൃദ്ധി വാർഡ് പ്രവർത്തനം ആരംഭിച്ചു. പതിനേഴാം വാർഡിൽ തുടക്കമിട്ട പദ്ധതി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് വി.ടി. സോമൻകുട്ടി ഉദ്ഘാടനം നിർവഹിച്ചു. കൃഷി ഭവനിൽ നിന്നും ലഭ്യമായ പച്ചക്കറി വിത്തുകൾ കൈമാറിയാണ് ഉദ്ഘാടനം നടത്തിയത്. വൈസ് പ്രസിഡന്റ് രജനി സന്തോഷ് യോഗത്തിന് അധ്യക്ഷത വഹിച്ചു. ഹരിതകേരളം മിഷൻ റിസോഴ്സ് പേഴ്സൺ അർച്ചന അനൂപ് പദ്ധതി വിശദീകരണം നടത്തി. വാർഡിൽ 509 വീടുകളാണുള്ളത്, ഞാറയ്ക്കൽ സ്കൂളിൽ ചേർന്ന വാർഡുതല ഗ്രാമസഭയിൽ പങ്കെടുത്തവരിൽ നിന്നും 100 കുടുംബങ്ങൾക്ക് പച്ചക്കറി വിത്തുകൾ കൈമാറി.

# തണ്ണിത്തോട് ഇനി ഹരിതസമൃദ്ധി പഞ്ചായത്ത്

പത്തനംതിട്ട കോന്നി ബ്ലോക്കിലെ ആദ്യത്തെ ഹരിത സമൃദ്ധി ഗ്രാമമായി തണ്ണിത്തോട് ഗ്രാമപഞ്ചായത്ത്. തണ്ണിത്തോട് ഗ്രാമപഞ്ചായത്തിനെ ഹരിതസമൃദ്ധി പഞ്ചായത്തായി പ്രഖ്യാപിക്കുകയും, ഹരിത സ്ഥാപന സർട്ടിഫിക്കറ്റ് വിതരണം



നടത്തുകയും ചെയ്തു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഷാജി കെ. ശാമുവേൽ പരിപാടിയുടെ ഉദ്ഘാടനം നിർവഹിച്ചു. വൈസ് പ്രസിഡന്റ് രശ്മി പി.വി. യോഗത്തിൽ അധ്യക്ഷത വഹിച്ചു. നവകേരളം കർമപദ്ധതി ജില്ലാ കോർഡിനേറ്റർ ജി.അനിൽകുമാർ യോഗത്തിൽ മുഖ്യാതിഥിയായി. ഹരിത സ്ഥാപനങ്ങളെ കണ്ടെത്തി ഗ്രേഡ് നൽകുന്ന പ്രവർത്തനങ്ങളുടെ ഭാഗമായി ആദ്യഘട്ടത്തിൽ തണ്ണിത്തോട് ഗ്രാമപഞ്ചായത്തിലെ പഞ്ചായത്ത് ഓഫീസ് ഉൾപ്പെടെ 33 ഓഫീസുകൾ എ പ്ലസ്, എ ഗ്രേഡുകൾ കരസ്ഥമാക്കി. ഹരിത പെരുമാറ്റച്ചട്ടം പാലിക്കൽ, ശുചിത്വം, ഇ - മാലിന്യം കൈകാര്യം ചെയ്യൽ, ഖര-ദ്രവ്യ മാലിന്യ പരിപാലനം, കൃഷി, ജലസംരക്ഷണം, ഊർജ്ജ സംരക്ഷണം എന്നീ മേഖലകളിലെ ഇടപെടലുകളും നേട്ടങ്ങളും പരിഗണിച്ചാണ് സ്ഥാപനങ്ങൾക്ക് ഗ്രേഡ് നൽകിയത്.

# മാവൂർ ഗ്രാമപഞ്ചായത്തിൽ ദേവഹരിതം പച്ചത്തുരുത്ത്

ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ദേവഹരിതം പദ്ധതിക്ക് കോഴിക്കോട് മാവൂർ ഗ്രാമപഞ്ചായത്തിലെ എട്ടാം വാർഡിൽ അടുവാട് കിഴക്കുംകരകാവ് ക്ഷേത്രവളപ്പിൽ തുടക്കമായി. 3 ഏക്കർ വിസ്തൃതിയുള്ള ക്ഷേത്രപരിസരത്ത് ഒരു എക്കറോളം സ്ഥലത്താണ് ആദ്യ ഘട്ടത്തിൽ പച്ചത്തുരുത്ത് ഒരുങ്ങുന്നത്. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് വാസന്തി വിജയൻ മാവിൻ തൈ നട്ടുകൊണ്ട് പദ്ധതിക്ക് തുടക്കം കുറിച്ചു. വാർഡ് മെമ്പർ ഗീത അധ്യക്ഷത വഹിച്ച ചടങ്ങിൽ ഹരിതകേരളം മിഷൻ റിസോഴ്സ് പേഴ്സൺ രാജേഷ് പദ്ധതി വിശദീകരണം നടത്തി. വാർഡ് മെമ്പർമാരായ മോഹൻദാസ്, ഉമ്മർമാസ്റ്റർ, ക്ഷേത്രം മാനേജിങ് ട്രസ്റ്റി രാമചന്ദ്രൻ, ട്രസ്റ്റി സെക്രട്ടറി ശിവദാസൻ, ട്രസ്റ്റി അംഗം പ്രഭാകരൻ, തൊഴിലുറപ്പ് പദ്ധതി അസിസ്റ്റന്റ് എഞ്ചിനീയർ



ആഖിഫ്, ഓവർസീയർ ഷിജു, മുനീർ, തൊഴിലുറപ്പ് പദ്ധതി തൊഴിലാളികൾ, പ്രദേശ വാസികൾ തുടങ്ങിയവർ പങ്കെടുത്തു.

# കൈപ്പട്ടി ക്ഷേത്രഭൂമിയിൽ ദേവഹരിതം പദ്ധതി

എറണാകുളം ജില്ലയിൽ ഹരിതകേരളം മിഷന്റെയും കരുമാലൂർ ഗ്രാമപഞ്ചായത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ കരുമാല്ലൂർ ഗ്രാമപഞ്ചായത്തിലെ കൈപ്പെട്ടി ഭഗവതി ക്ഷേത്രത്തിൽ ദേവഹരിതം പദ്ധതി ആരംഭിച്ചു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീലത ലാലു പദ്ധതി ഉദ്ഘാടനം നിർവ്വഹിച്ചു. നവകേരളം കർമപദ്ധതി ജില്ലാ കോർഡിനേറ്റർ രഞ്ജിനി എസ്. പച്ചക്കറിത്തൈകൾ ക്ഷേത്ര ഭാരവാഹികൾക്കും കർഷക കൂട്ടായ്മയ്ക്കും കൈമാറി. ക്ഷേത്രത്തിൽ ഒന്നര ഏക്കറിൽ വെണ്ടയ്ക്ക, മത്തൻ, തക്കാളി, കുറ്റിപ്പയർ എന്നിവയാണ് ക്ഷേത്ര അങ്കണത്തിൽ തയ്യാറാക്കുന്നത്. പരിപാലനവും തുടർന്നുള്ള സംരക്ഷണവും കൈപ്പെട്ടി ഭഗവതി ക്ഷേത്ര സമിതിയുടെ നേതൃത്വത്തിൽ നടക്കും. ക്ഷേത്ര സമിതി സെക്രട്ടറി കെ.ബി. സജീവ്, വാർഡ് മെമ്പർമാരായ ശ്രീദേവി സുധി, ജിജി അനിൽ കുമാർ, സബിത നാസർ, ഹരിതകേരളം മിഷൻ റിസോഴ്സ് പേഴ്സൺമാർമാരായ ദീപു ടി.എസ്., ജെഫിൻ ജോയ്, കർഷകരായ ബാബു സി.കെ., ടി.ആർ. ആരുഷ് എന്നിവരും ചടങ്ങിൽ പങ്കെടുത്തു.



# ഇബ്രാഹിം നാസിമിന് ഹരിതകേരളം മിഷന്റെ അനുമോദനം

തൃശൂർ പുന്നയൂർ ഗ്രാമപഞ്ചായത്തിലെ പൊതുനിരത്തിൽ മാലിന്യം വലിച്ചെറിഞ്ഞത് കണ്ടെത്തി അത് ഗ്രാമപഞ്ചായത്ത് അധികൃതരെ അറിയിച്ച് അവർക്കെതിരെ നടപടികൾ സ്വീകരിക്കുന്നതിന് ഇടപെടൽ നടത്തിയ വടക്കേകാട് ഗ്രാമപഞ്ചായത്തിലെ ആറ്റുപുറം സെന്റ് ആന്റണീസ് സ്കൂളിലെ രണ്ടാം ക്ലാസ് വിദ്യാർത്ഥി ഇബ്രാഹിം നാസിമിന്റെ മാതൃകാപരമായ പ്രവർത്തനം ഏറ്റെടുത്ത് നാട്. ഹരിതകേരളം മിഷനും, പുന്നയൂർ ഗ്രാമപഞ്ചായത്തും, തദ്ദേശ സ്വയംഭരണ വകുപ്പും വിദ്യാർത്ഥിയെ അനുമോദിച്ചു.



എൻ.കെ. അക്ബർ എം.എൽ.എ. അനുമോദന പരിപാടിയുടെ ഉദ്ഘാടനം നിർവഹിച്ചു. ആറ്റുപുറം സെന്റ് ആന്റണീസ് സ്കൂളിൽ നടന്ന അനുമോദന ചടങ്ങിൽ പുന്നയൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ടി.വി. സുരേന്ദ്രൻ അധ്യക്ഷത വഹിച്ചു.

മാലിന്യം നിക്ഷേപം നടത്തിയ സ്ഥാപനത്തിൽ നിന്ന് 50000 രൂപ പിഴ ഈടാക്കിയ പഞ്ചായത്ത് അധികൃതരുടെ നടപടി എല്ലാ നിയമ ലംഘനങ്ങൾക്കും ഒരു താക്കീതായിരിക്കണമെന്നും, ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതിൽ അധികൃതർ അലംഭാവം കാണിക്കരുതെന്നും MLA അഭിപ്രായപ്പെട്ടു.

നവകേരളം കർമപദ്ധതി ജില്ലാ കോർഡിനേറ്റർ ദിദിക സി. അനുമോദന പത്രം, ട്രോഫി, സമ്മാനങ്ങൾ എന്നിവ നൽകി അനുമോദിച്ചു. തദ്ദേശ സ്വയംഭരണ വകുപ്പിന് വേണ്ടി ഇന്റേണൽ വിജിലൻസ് ഓഫീസർ ദുർഗ്ഗാദാസ് സംസാരിച്ചു. ചാവക്കാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ആഷിത മുഖ്യാതിഥിയായി.

## ശുചിത്വപാത സുന്ദരപാത

എറണാകുളം വൈപ്പിൻ ബ്ലോക്ക് പഞ്ചായത്ത് നടപ്പാക്കുന്ന 'ശുചിത്വപാത സുന്ദരപാത' പദ്ധതിയുടെ ബ്ലോക്ക് ഉദ്ഘാടനം ഞാറക്കൽ ആശുപത്രിപ്പടി ജങ്ഷനിൽ കെ.എൻ ഉണ്ണിക്കൃഷ്ണൻ എം.എൽ.എ നിർവഹിച്ചു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് തുളസി സോമൻ അധ്യക്ഷയായി. വൈസ് പ്രസിഡന്റ് കെ.എ സാജിത് പദ്ധതി വിശദീകരിച്ചു. ഹരിതകേരളം മിഷൻ ജി ല്ലാ കോർഡിനേറ്റർ എസ്. രഞ്ജിനി, കെ ധന്യ, ആതിര സുധാകരൻ എന്നിവർ മുഖ്യാതിഥികളായി.



## ചെമ്മനാട് ലൈഫ് ഫ്ലാറ്റ് രണ്ടുമാസത്തിനകം പൂർത്തിയാകും

ലൈഫ് ഭവന പദ്ധതിയിലെ മൂന്നാംഘട്ടത്തിൽ ഉൾപ്പെടുത്തി ചെമ്മനാട് പഞ്ചായത്തിൽ പുരോഗമിക്കുന്ന ഭവന സമുച്ചയം രണ്ട് മാസത്തിനകം നിർമാണം പൂർത്തിയാകുമെന്ന് നവകേരളം കർമപദ്ധതി 2 കാസർഗോഡ് അവലോകന യോഗം വിലയിരുത്തി. നവംബറോടെ വാട്ടർ അതോറിറ്റി കുടിവെള്ള കണക്ഷൻ ഉറപ്പ് നൽകിയിട്ടുണ്ടെന്ന് ലൈഫ് മിഷൻ കോർഡിനേറ്റർ പറഞ്ഞു. ലൈഫ് മിഷൻ നേരിട്ട് ഏകോപനം നടത്തുന്ന പദ്ധതിയുടെ നിർമാണ പ്രവൃത്തി ഹൈദരാബാദ് ആസ്ഥാനമായ സ്ഥാപനമാണ് നടത്തുന്നത്.

## വിജയക്കുതിപ്പിൽ മഞ്ചാടി

വിദ്യാകിരണം പദ്ധതിയുടെ ഭാഗമായി ഗണിത പഠനം ലഘൂകരിക്കുന്നതിന് വിദ്യാർഥികൾക്ക് നൽകുന്ന ശിശുസൗഹൃദ ഗണിത പരിപോഷണ പരിപാടിയായ മഞ്ചാടി വിജയമെന്ന് വിലയിരുത്തി. അടിസ്ഥാന ഗണിതശേഷി വർധിപ്പിക്കുന്നതിന് അഞ്ചാം ക്ലാസിലെ ഗണിത പാഠങ്ങളുടെ സവിശേഷ മാതൃകകളാണ് പഠിപ്പിക്കുന്നത്. കാസർഗോഡ് മടിക്കൈ പഞ്ചായത്തിലും തുടർന്ന് പരവനടുക്കം പെൺകുട്ടികളുടെ മോഡൽ റസിഡൻഷ്യൽ സ്കൂളിലും നടത്തി വിജയിച്ച പദ്ധതി നിലവിൽ ചെറുവത്തൂർ ബിആർസിയിലെ 11 വിദ്യാലയങ്ങളിൽ നടത്തിവരുന്നു.

## ശൈലീ ആപ്പ് സർവേ 98 ശതമാനം

ജീവിതശൈലി രോഗങ്ങൾ കണ്ടെത്തുന്നതിന് ആർദ്രം പദ്ധതിയുടെ ഭാഗമായി നടത്തിയ ശൈലീ ആപ്പ് ഉപയോഗിച്ചുള്ള സർവേ ആദ്യഘട്ടം ജില്ലയിൽ 98 ശതമാനം പൂർത്തിയായി. 30 വയസ്സിന് മുകളിലുള്ളവരിൽ നാല് ശതമാനം പേർ ഡയബറ്റിസ് അല്ലെങ്കിൽ ഹൈപ്പർടെൻഷൻ രോഗികളാണെന്ന് കണ്ടെത്തി. രണ്ടാംഘട്ടത്തിൽ കാഴ്ച പരിമിതി, കേൾവി പരിമിതി, കുഷ്ഠം, മാനസികാരോഗ്യം തുടങ്ങിയവ ഉൾപ്പെടുത്തിയിട്ടുണ്ട്.

## ഒൻപത് കേന്ദ്രങ്ങളിൽ ഹരിത ടൂറിസം പദ്ധതി

ഹരിതകേരളം മിഷന്റെ ഭാഗമായി ഡിടിപിസിയുമായി ചേർന്ന് കാസർഗോഡ് ജില്ലയിലെ ഒമ്പത് ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ഹരിത ടൂറിസം പദ്ധതി നടപ്പിലാക്കും. പൊസഡിഗുംബെ, കണ്വതീർത്ഥ, കുമ്പള റൂറൽ, ചെമ്പരിക്ക, കീഴൂർ, കോടി കടപ്പുറം, കൈറ്റ് ബീച്ച്, കാഞ്ഞങ്ങാട് ടൗൺ സ്ക്വയർ, ബേക്കൽ അഴിത്തല എന്നീ കേന്ദ്രങ്ങളാണ് ഇതിനായി തെരഞ്ഞെടുത്തത്. പദ്ധതിയിലൂടെ ടൂറിസ്റ്റ് കേന്ദ്രങ്ങൾ മാലിന്യമുക്തമാക്കും. യോഗത്തിൽ സബ് കലക്ടർ സൂഫിയാൻ അഹമ്മദ് അധ്യക്ഷനായി. നവകേരളം കർമപദ്ധതി ജില്ലാ കോഡിനേറ്റർ കെ. ബാലകൃഷ്ണൻ, ലൈഫ് മിഷൻ കോഡിനേറ്റർ എം. വത്സൻ, ആർദ്രം മിഷൻ കോഡിനേറ്റർ ഡോ. പി.വി. അരുൺ, വിദ്യാകിരണം കോഡിനേറ്റർ എം. സുനിൽകുമാർ എന്നിവർ പങ്കെടുത്തു.



# മാടായിപ്പാറ, മാടായിക്കാവ് ശുചീകരണവും ജൈവവൈവിധ്യക്യാമ്പും

കണ്ണൂർ ജില്ലയിലെ പയ്യന്നൂർ കോളേജിലെ എൻ.എസ്.എസ്. വോളണ്ടിയർമാരായ ഗ്രീൻ ബ്രിഗേഡിന്റെയും ഹരിതകേരളം മിഷൻ, ശുചിത്വ മിഷൻ, മാടായികാവ് ക്ഷേത്ര സംരക്ഷണ സമിതി, ക്ഷേത്ര സമിതി എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ മാടായിപ്പാറ, മാടായിക്കാവ് പരിസര ശുചീകരണം സംഘടിപ്പിച്ചു. ശുചീകരണ പ്രവർത്തനത്തോടൊപ്പം മാടായി പാറയിൽ ജൈവ വൈവിധ്യ പഠന ക്യാമ്പും സംഘടിപ്പിച്ചു. പരിപാടി ജില്ലാ പഞ്ചായത്ത് അംഗം സി.പി. ഷിജു ഉദ്ഘാടനം ചെയ്തു. ഡോ. സുരേഖ ടി.വി. (പ്രോഗ്രാം കോർഡിനേറ്റർ NSS) അധ്യക്ഷത വഹിച്ചു. നവകേരളം കർമപദ്ധതി ജില്ലാ കോർഡിനേറ്റർ ഇ. കെ. സോമശേഖരൻ സംസാരിച്ചു.

# നടുവണ്ണൂർ ഹരിത കർമസേന ഇനി ഡബിൾ ഹാപ്പി

പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കോഴിക്കോട് നടുവണ്ണൂർ ഗ്രാമപഞ്ചായത്ത് ഹരിത കർമസേനയ്ക്ക് രണ്ടാമത്തെ വാഹനവും കൈമാറി. വാഹനത്തിന്റെ ഫ്ലാഗ് ഓഫ് ചടങ്ങ് എൽ.എസ്.ജി.ഡി. അസിസ്റ്റന്റ് ഡയറക്ടർ കുമാരി പൂജ ലാൽ നിർവഹിച്ചു. പഞ്ചായത്ത് സെക്രട്ടറി സ്വാഗതം പറഞ്ഞ ചടങ്ങിൽ പ്രസിഡന്റ് അധ്യക്ഷത വഹിച്ചു. എല്ലാ വാർഡുകളിലും മിനി എം.സി.എഫുകളും ബോട്ടിൽ ബൂത്തുകളും 2 വലിയ മിനി എം.സി.എഫുകളും പഞ്ചായത്തിൽ ഒരുക്കിയിട്ടുണ്ട്. നിലവിലുള്ള എം.സി.എഫിനു പുറമെ മറ്റൊരു എം.സി.എഫിന്റെ പണി പുരോഗമിക്കുന്നു. കൃത്യമായി എല്ലാ മാസവും കളക്ഷൻ നടത്തുകയും മികച്ച വരുമാനം ഉണ്ടാക്കുകയും ചെയ്യുന്ന ഹരിത കർമസേനയാണ് നടുവണ്ണൂർ പഞ്ചായത്തിലുള്ളത്.



# പാറക്വാറി റീചാർജ്ജിങ് രണ്ടാംഘട്ട സർവ്വേ പൂർത്തീകരിച്ചു

ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ നടപ്പാക്കുന്ന പാറക്വാറി റീചാർജ്ജിങ്ങ് രണ്ടാംഘട്ടം കൊല്ലം ജില്ലയിൽ നാല് ഗ്രാമപഞ്ചായത്തുകളിൽ കൂടി നടപ്പിലാക്കുന്നു. ഇതിനായുള്ള സാദ്ധ്യത പഠനം ഹരിതകേരളം മിഷൻ സംസ്ഥാന ടെക്നിക്കൽ ടീമിന്റെ നേതൃത്വത്തിൽ പൂർത്തീകരിച്ചു. ഏരൂർ ഗ്രാമപഞ്ചായത്തിലെ ഇളവറാംകുഴി, നെടുവത്തൂർ ഗ്രാമപഞ്ചായത്തിലെ കോട്ടാത്തല കൊഴുവൻ, വെളിയം ഗ്രാമപഞ്ചായത്തിലെ കായില, കുളക്കട ഗ്രാമപഞ്ചായത്തിലെ വെണ്ടാർ എന്നീ ഉപയോഗ ശൂന്യമായ ജലലഭ്യതയുള്ള പാറക്വാറികളിലാണ് സാദ്ധ്യത പഠനം പൂർത്തീകരിച്ചത്. പാറമടകളിൽ ലഭ്യമായ വെള്ളത്തിന്റെ അളവും, ആഴവും കണ്ടെത്തുന്നതിനായി ഹൈഡ്രോളജി വകുപ്പിന്റെ സർവ്വേ ഉടൻ ആരംഭിക്കും. കേരളത്തിൽ ഉടനീളം ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന പാറക്വാറി റിചാർജ്ജിങുമായി ബന്ധപ്പെട്ട് ഹൈഡ്രോളജി വകുപ്പ് നടത്തുന്ന സർവ്വേയുടെ സംസ്ഥാനതല ഉദ്ഘാടനവും കൊല്ലം ജില്ലയിലാണ് നടത്തുന്നത്.

ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ കൊട്ടാരക്കര നിയോജക മണ്ഡലത്തിലെ കരീപ്ര ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ പാറക്വാറി റീചാർജ്ജിങ് വൻ വിജയകരമായതിന് തുടർച്ചയായാണ് പദ്ധതി സംസ്ഥാന വ്യാപകമായി നടത്തുന്നത്. ഉപയോഗ ശൂന്യമായ പാറക്വാറിയിലെ വെള്ളം പമ്പ് ചെയ്ത് ചെറു തോടുകൾ വഴി ഏലാകളിലേക്ക് ഒഴുക്കി നെൽ കൃഷി ഉൾപ്പെടെ വ്യാപിപ്പിക്കുകയും കുടിവെള്ള ക്ഷാമം പരിഹരിക്കുകയുമാണ് ഇതുകൊണ്ട് ലക്ഷ്യമിടുന്നത്.



# പേരണ്ടൂർ കനാൽ തീരത്ത് പച്ചത്തുരുത്ത്



മാലിന്യ കൂമ്പാരത്തെ പച്ചത്തുരുത്താക്കി മാറ്റി കൊച്ചിൻ കോർപ്പറേഷനും ഹരിതകേരളം മിഷനും. കലൂർ പേരണ്ടൂർ കനാലിൽ ഭാഗത്ത് ഗോകുലം പാർക്കിന് സമീപം മാലിന്യ കൂമ്പാരമായിരുന്ന സ്ഥലം മനോഹരമാക്കി പച്ചത്തുരുത്ത് ഒരുക്കി. നഗരസഭ വികസനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ പി.ആർ. റെനീഷ് മാവിൻ തൈ നട്ടു കൊണ്ടാണ് പച്ചത്തുരുത്തിന്റെ ഉദ്ഘാടനം നിർവ്വഹിച്ചത്. ഡിവിഷൻ കൗൺസിലർ രജനി മണി അധ്യക്ഷത വഹിച്ച യോഗത്തിൽ നവകേരളം കർമപദ്ധതി സ്റ്റേറ്റ് പ്രോഗ്രാം ഓഫീസർ സുരേഷ് യു. മുഖ്യ അതിഥിയായി. മുപ്പത് സെന്റിൽ ഒരുക്കിയ പച്ചത്തുരുത്തിൽ മാവ്, പ്ലാവ് എന്നിവയാണ് നട്ടിരിക്കുന്നത്. പരിപാലന ചുമതല ഗോകുലം പാർക്ക് ജീവനക്കാർ ഏറ്റെടുത്തു.

# ഊർജ്ജസംരക്ഷണ സന്ദേശവുമായ് സൈക്കിൾ റാലി



നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ പദ്ധതിയുടെ ഭാഗമായി ബോധവത്കരണത്തിന് കോഴിക്കോട് വടകര നഗരസഭയും ഹരിതകേരളം മിഷനും സംയുക്തമായി സൈക്കിൾ റാലി സംഘടിപ്പിച്ചു. അഞ്ചുവിളക്ക് ജംഗ്ഷൻ മുതൽ പുതിയ സ്റ്റാൻഡ് വരെ നടത്തിയ റാലി വൈലോപ്പിള്ളി സംസ്കൃതി ഭവനിൽ ജി.എസ്. പ്രദീപ് ഫ്ലാഗ് ഓഫ് ചെയ്തു. നഗരസഭാ ചെയർപേഴ്സൺ കെ.പി. ബിന്ദു പരിപാടിക്ക് അധ്യക്ഷത വഹിച്ചു. സമാപന ചടങ്ങ് നഗരസഭ ചെയർപേഴ്സൻ കെ.പി. ബിന്ദു ഉദ്ഘാടനം ചെയ്തു. ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ പി. സജീവ് കുമാർ അധ്യക്ഷനായി. ഹരിതകേരളം മിഷൻ ടെക്നിക്കൽ അസിസ്റ്റന്റ് വിവേക് നെറ്റ്സീറോ കാർബൺ കേരളം ജനങ്ങളിലൂടെ പദ്ധതി വിശദീകരണം നടത്തി. ഹരിതകേരളം മിഷൻ റിസോഴ്സ് പേഴ്സൺ ഷംന പി. പരിപാടിക്ക് നന്ദി പറഞ്ഞു.

# ഹരിത സമൃദ്ധമായി ചിത്തിരപുരം ഗവ. ഹൈസ്കൂളിലെ ഫലവർഗ പച്ചത്തുരുത്ത്

ഇടുക്കി ജില്ലയിലെ അടിമാലി ബ്ലോക്കിൽ പള്ളിവാസൽ ഗ്രാമ പഞ്ചായത്ത് മോഡൽ പച്ചതുരുത്തായ ചിത്തിരപുരം ഗവ. ഹൈസ്കൂൾ പച്ചത്തുരുത്തിലെ ഫലവൃക്ഷങ്ങളിൽ കായ് ഫലങ്ങൾ ഉണ്ടായി. 70 ഏക്കറോളം സ്ഥലത്ത് ആണ് പച്ചത്തുരുത്ത് നിർമ്മിച്ചിട്ടുള്ളത്. വിവിധ ഇനം സസ്യങ്ങൾ, മരങ്ങൾ,കുറ്റിച്ചെടികൾ, ഫലവൃക്ഷങ്ങൾ എന്നിവകൊണ്ട് സമ്പൂർണമാണ് ഈ പച്ചത്തുരുത്ത്. പാഷൻ ഫ്രൂട്ട്, പിനട്ട് ഫ്രൂട്ട്, ഓറഞ്ച് മുതലായ ഫലവൃക്ഷങ്ങളിൽ പഴങ്ങൾ ഉണ്ടായിട്ടുണ്ട്. തൊഴിലുറപ്പ് തൊഴിലാളികളാണ് ഈ പച്ചത്തുരുത്ത് പരിപാലിക്കുന്നത്. നിലവിൽ തട്ട് തിരിച്ചു പുതിയ തൈകൾ നടുന്ന ജോലികൾ പുരോഗമിക്കുന്നു. ഹരിതകേരളം മിഷൻ, കൃഷിഭവൻ, പഞ്ചായത്ത്, ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, സ്കൂൾ പ്രതിനിധികൾ തുടങ്ങിയവരെ ഉൾപ്പെടുത്തി സംഘാടക സമിതി രൂപീകരിച്ചു പച്ചത്തുരുത്തിന്റെ മേൽനോട്ടത്തിനായി നിയോഗിച്ചിട്ടുണ്ട്.



Chief Editor : Dr. T.N.Seema, State Coordinator, Navakeralam Karmapadhathi 2
Editorial Team : T.P. Sudhakaran, Asst. Cordinator | B. Manoj, Public Relations Officer | Anu Liya Jose, Young Professional | Archana Shaji, Young Professional
Design & Layout : Fousia P A, Graphic Designer | Content Contribution : District Mission Teams, Navakeralam Karmapadhathi 2
Published by Navakeralam Karmapadhathi 2, Statue, Trivandrum 01
Website : https://nkp.kerala.gov.in
Printed at Gramalakshmi Mudralayam, 9446639246